07-08-2013

<u>പ്രസിദ്ധീകരണത്തിന്</u>

# പ്രീ - ഹോസ്പിറ്റൽ കെയർ കോഴ്സ് അപേക്ഷ ക്ഷണിച്ചു

ദുരന്തങ്ങളുണ്ടാകുമ്പോളും അപകടഘട്ടങ്ങളിലും മനോനില കൈവിടാതെ അടിയന്തിര ചികിത്സ നൽകുന്ന പ്രീ-ഹോസ്പിറ്റൽ കെയർ കോഴ്സിന്റെ നാലാം ബാച്ചിന് അപേക്ഷ ക്ഷണിച്ചു. ആംബുലൻസുകളെയാകെ ഒരൊറ്റ ശൃംഖലയാക്കി അടിയന്തിര ചികിത്സ, ദുരന്തനിവാരണ പ്രവർത്തനം എന്നിവ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് ആരംഭിച്ച സർക്കാർ - സർക്കാരിതര സംവിധാനങ്ങളുടെ കൂട്ടായ്മയായ 'ഏയ്ഞ്ചൽസ്' ആണ് കോഴ്സ് സംഘടിപ്പിക്കുന്നത്. ഇന്ത്യയിലും വിദേശത്തും ധാരാളം ജോലി സാധ്യ തയാള്ളുതാണിത്.

എയ്ഞ്ചൽസ് ഇന്റർനാഷണൽ ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടറും മിംസ് ആശു പത്രിയിലെ എമർജൻസി മെഡിസിൻ വിഭാഗം തലവനുമായ ഡോ. പി.പി. വേണുഗോപാ ലിന്റെ നേതൃത്വത്തിൽ സർക്കാർ - സ്വകാര്യ ആശുപത്രികളിലായി ഒരു വർഷം നീളുന്ന താണ് കോഴ്സ്. ഇത് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ജില്ലാ ഭരണനേതൃത്വം, അമേരിക്കയിലെ ജോർജ്ജ് വാഷിംഗ്ടൺ യൂണിവേഴ്സിറ്റി, മിംസ് ആശുപത്രി, ഐ. ഐ. ഇ. എം. എസ്., കോട്ടയം എന്നിവയുടെ മുദ്രകളുള്ള സർട്ടിഫിക്കറ്റ് നൽകും. വിദഗ്ദ്ധ ഡോക്ടർമാർക്ക് പുറമെ ജോർജ്ജ് വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിലെ വിദഗ്ദ്ധരും ക്ലാസുകൾക്ക് നേതൃത്വം നൽകും.

സാമൂഹ്യ പ്രതിബദ്ധതയുള്ളവർക്ക് അപേക്ഷിക്കാം. കോഴ്സ് സൗജന്യമാണ്. പ്രായപ രിധി ഇല്ല. ശനി, ഞായർ തിയ്യതികളിലായാണ് ക്ലാസുകൾ. അതിനാൽ ജോലിയുള്ള വർക്കും അപേക്ഷിക്കാം. 30% സീറ്റുകൾ വനിതകൾക്ക് സംവരണം ചെയ്തിരിക്കുന്നു. **കോഴ്സ് കോ-ഓർഡിനേറ്റർ, 2 / 1905, എയ്ഞ്ചൽസ് ഇന്റർനാഷണൽ ഫൗണ്ടേഷൻ, നാഗത്താൻ പറമ്പ്, നാഗരാജക്ഷേത്രത്തിന് സമീപം, സദനം റോഡ്, എരഞ്ഞിപ്പാലം - 673 006 (ഫോൺ : 09961202102, 09745400102, 09846339291)** എന്ന വിലാസത്തിൽ നേരിട്ടോ, <u>www.angelsindia.org</u> എന്ന വെബ്സൈറ്റിൽ നിന്നോ അപേക്ഷാ ഫോറം ലഭിക്കും. പൂരി പ്പിച്ച അപേക്ഷകൾ ലഭിക്കേണ്ട അവസാന തിയ്യതി **2013 ജൂലൈ 20**